പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.3078 | 10. 05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**കുഷ്ഠരോഗ നിർമ്മാർജ്ജനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി സംസ്ഥാനത്ത് കാര്യക്ഷമമായി നടന്നു വരുന്നു.സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ/താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കുഷ്ഠരോഗചികിത്സയ്ക്കുള്ള മരുന്ന് ലഭ്യമാണ്. പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരിലൂടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ മേഖലയിലും രോഗ പരിശോധനയ്ക്കുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ നഗര പ്രദേശങ്ങളിൽ 51 അർബൻ ലെപ്രസി സെന്ററുകൾ, ജില്ലാ/താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമായി കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മാത്രമായി പ്രവർത്തിക്കുന്നു. കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് കൈവരിക്കുന്നതിനായി ബൃഹത്തായ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ |

| | | | |
|---|---|---|---|
| | | | വിദ്യാലയങ്ങളിലേയും അംഗനവാടികളിലേയും കുട്ടികളെ (3 മുതൽ 17 വയസ്സുവരെയുള്ളവരെ) അദ്ധ്യാപകരുടെ /അംഗനവാടി പ്രവർത്തകരുടേയും സ്കൂൾ ഹെൽത്ത് നേഴ്സിന്റെയും സഹകരണത്തോടെ ത്വക്ക് രോഗ പരിശോധന നടത്തുന്നതിനും വിദഗ്ധ പരിശോധന ആവശ്യമുള്ളവർക്ക് മെഡിക്കൽ ആഫീസറുടെയും ത്വക്ക് രോഗ വിദഗ്ധരുടേയും സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തീരപ്രദേശങ്ങളിലും ഗോത്ര മേഖലയിലും നഗരചേരികളിലും താമസിക്കുന്നവരെയും അന്യ സംസ്ഥാന തൊഴിലാളികളെയും പരിശോധിക്കുന്നതിനുള്ള പ്രവർത്തന തന്ത്രം ആവിഷ്കരിക്കുകയും ആരോഗ്യ വകുപ്പിലെ നോൺ മെഡിക്കൽ സൂപ്പർവൈസർ, പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ ആശാപ്രവർത്തകർ, ട്രൈബൽ പ്രൊമോർട്ടർമാർ എന്നിവരുടെ സഹകരണത്തോടെ രോഗ പരിശോധനയ്ക്ക് വിധേയരാക്കി വരുന്നു. കൂടാതെ സ്ക്രീനിംഗ് ക്യാമ്പുകൾ, ത്വക്ക് രോഗ നിർണ്ണയത്തിനുള്ള പ്രത്യേക മെഡിക്കൽ ക്യാമ്പുകളും ബ്ലോക്കുതലത്തിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തന തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ ഇന്റർസെക്ടൽ കോഓർഡിനേഷൻ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനും കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ |

| | | | |
|---|---|---|---|
| | | | കൂടുതലായി ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാർ, പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ, ആശാപ്രവർത്തകർ എന്നിവരുടെ പരിശീലനത്തിനായി കുഷ്ഠരോഗത്തെക്കുറിച്ചുള്ള കൈപുസ്തകം പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളെ ബോധവത്കരിക്കാനായി ലഘുലേഖകളും, പോസ്റ്ററുകളും പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ ഗ്രാമതല ബോധവത്കരണക്യാമ്പുകളും നഗരതല ബോധവത്കരണ ക്യാമ്പുകളും സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടത്തിവരുന്നു. |
| ബി) | സംസ്ഥാനത്ത് നിലവിൽ എത്ര കുഷ്ഠരോഗികൾ ഉണ്ടെന്നും 2017 ൽ എത്ര കേസുകൾ പുതുതായി റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ; | ബി) | സംസ്ഥാനത്ത് നിലവിൽ 706 കുഷ്ഠരോഗികൾ വിവിധ ആശുപത്രികളിൽ നിന്നും ചികിത്സയെടുക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പുതുതായി രോഗ നിർണ്ണയം നടത്തി ചികിത്സയ്ക്ക് വിധേയമാക്കിയ 496 കുഷ്ഠരോഗബാധിതർ ഉണ്ട്. 2017 ജനുവരി മുതൽ മാർച്ച് വരെ പുതുതായി കണ്ടുപിടിച്ച് ചികിത്സക്ക് വിധേയമാക്കിയ കുഷ്ഠരോഗ ബാധിതരുടെ എണ്ണം 112 ആണ്. |
| സി) | കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് അറിയിക്കാമോ; | സി) | സർക്കാർ ഉത്തരവ് നം. ജി.ഒ (എം.എസ്) നം. 305/2004/ആകുവ, തീയതി. 26.11.2004 പ്രകാരം കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് ജോലി ചെയ്തിരുന്ന ജീവനക്കാരെ ജനറൽ വിഭാഗത്തിലേക്ക് സംയോജിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിൽ താഴെ പറയുന്ന തസ്തികകളിൽ 80 പേർ ലെപ്രസി വിഭാഗത്തിൽ തന്നെ തുടരുന്നു.<br>1. ടെക്നിക്കൽഅസിസ്റ്റന്റ്ഗ്രേഡ് (ലെപ്രസി) - 1<br>2. അസിസ്റ്റന്റ് ലെപ്രസി ഓഫീസർ -24<br>3. നോൺ മെഡിക്കൽ സൂപ്പർവൈസർ(സൂപ്പർന്യൂമററി ലെപ്രസി) -55<br>ആകെ 80 |
| ഡി) | പ്രസ്തുത ജീവനക്കാരിൽ സ്ഥിരം ജീവനക്കാർ എത്രയെന്നും, എംപ്ലോയ് മെന്റ്, താത്കാലിക ജീവനക്കാർ എത്രയെന്നും വ്യക്തമാക്കാമോ; | ഡി) | ജനറൽ ഹെൽത്ത് വിഭാഗത്തിലേക്ക് സംയോജിപ്പിച്ച ലെപ്രസി വിഭാഗം ജീവനക്കാരിൽ 56 പേർ എംപ്ലോയ്മെന്റ് വഴി നിയമനം നേടിസ്ഥിരപ്പെടുത്തപ്പെട്ടവരാണ്. താൽക്കലിക ജീവനക്കാർ നിലവിലില്ല. |
| ഇ) | എൻ എൽ ഇ പി പദ്ധതി എന്നുവരെ നിലനിൽക്കുമെന്നും അതിനുശേഷം ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ ഏതു വിഭാഗത്തിൽ വിന്യസിപ്പിക്കുമെന്നും അവരുടെ ജോലി എന്തായിരിക്കുമെന്നും വിശദമാക്കാമോ; | ഇ) | എൻ എൽ ഇ പി പദ്ധതി പ്രകാരം പ്രവർത്തിച്ചുകൊണ്ടിരുന്ന ജീവനക്കാരെ ജനറൽ ഹെൽത്ത് വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| എഫ്) | താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സ്ഥിരപ്പെടുത്തിയവരുടെ വിവരം, സീനിയോറിറ്റി എന്നിവ ലഭ്യമാക്കാമോ? | എഫ്) | ഉണ്ട്. താഴെപ്പറയുന്ന ഉത്തരവുകൾ പ്രകാരം ലെപ്രസി വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നേടിയ 56 പേരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.<br>1. ജി.ഒ (എം.എസ്) നം . 275/06/ആകുവ, തീയതി 29.12.2006<br>2. ജി.ഒ (എം.എസ്) നം . 49/2010/ആകുവ, തീയതി 04.02.2010<br>3. ജി.ഒ (എം.എസ്) നം . |

| | | | |
|---|---|---|---|
| | | | 301/2013/ആകുവ, തീയതി 05.03.13<br>കഴിഞ്ഞ 5 വർഷത്തിനിടയിൽ അവസാന ഉത്തരവിൽപ്പെടുന്ന രണ്ടു പേർക്കാണ് സ്ഥിരനിയമനം നൽകിയിട്ടുള്ളത്. സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ